# കരാറുകാരന്റെ തൊഴിലാളികളുടെ വിഹിതം പ്രധാന തൊഴിലുടമയിൽനിന്ന് വസൂലാക്കാം

## ഗുജറാത്ത് ഹൈക്കോടതി

R.F.A. No. 1241/1990 Dt. 28.8.2019

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ
x
അഗ്യൂ സ്റ്റീൽ മാനുഫാക്ചറിങ് പ്രൈവറ്റ് ലിമിറ്റഡ്

ഉരുക്ക് വാതിലുകൾ, കട്ടിളകൾ, ജനലുകൾ, മുതലായവയുടെ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന ഫാക്ടറിയാണ് കമ്പനി നടത്തുന്നത്. മേനേജ്മെന്റിന്റെ ഫാക്ടറിയിൽ വച്ച് മാത്രമല്ല കരാറുകാർ മുഖേനയും മേൽപറഞ്ഞവ നിർമ്മിക്കുന്നുണ്ട്. കട്ടിള, വാതിൽ, ജനൽ, മുതലായവ ഉപഭോക്താക്കളുടെ സ്ഥലത്ത് കൊണ്ടുചെന്ന് സ്ഥാപിച്ചു കൊടുക്കുന്ന ജോലിയും കരാറുകാരെയാണ് കമ്പനി ഏല്പിച്ചിരിക്കുന്നത്. അപ്രകാരമിരിക്കെ ഫാക്ടറിക്ക് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് കാണിച്ചും 1,28,973 രൂപ വിഹിതമായി അടയ്ക്കണമെന്ന് നിർദ്ദേശിച്ചും ഇ.എസ്.ഐ. അധികൃതർ മേനേജ്മെന്റിന് നോട്ടീസയച്ചു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. തങ്ങൾക്ക് ഇ.എസ്.ഐ. നിയമം ബാധകമല്ലാത്തതിനാൽ പണം വസൂലാക്കുന്നതിൽ നിന്ന് ഇ.എസ്.ഐ. കോർപ്പറേഷനെ ശാശ്വതമായി വിലക്കണമെന്നാണ് മേനേജ്മെന്റ് ആവശ്യപ്പെട്ടത്. ഇ.എസ്.ഐ. കോർപ്പറേഷന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ എംപ്ലോയീസ് ഇൻഷുറൻസ് കോടതി മേനേജ്മെന്റിന്റെ ആവശ്യം അംഗീകരിക്കുകയും വിഹിതം വസൂലാക്കുന്നതിൽ നിന്ന് ഇ.എസ്.ഐ. കോർപ്പറേഷനെ ശാശ്വതമായി വിലക്കുകയും ചെയ്തു. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഫാക്ടറിക്ക് ഇ.എസ്.ഐ. നിയമം ബാധകമാണെന്നും വിഹിതം വസൂലാക്കുന്നതിൽ നിന്ന് ശാശ്വതമായി തടഞ്ഞത് നിയമത്തിന് എതിരാണെന്നും കോർപ്പറേഷൻ വാദിച്ചു. ഫാക്ടറിയിൽ വെച്ച് കാര്യമായ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്നും കരാറുകാരന്റെ തൊഴിലാളികൾ മറ്റെവിടെയോ വെച്ചാണ് തൊഴിൽ ചെയ്യുന്നതെന്നും ആ തൊഴിലാളികളുടെ പേരിൽ വിഹിതമടയ്ക്കാൻ തങ്ങൾ ബാധ്യസ്ഥമല്ലെന്നും മേനേജ്മെന്റ് വാദിച്ചു. ജോലി ചെയ്യുന്നത് എവിടെവച്ചായാലും പ്രധാന തൊഴിലുടമയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും കരാർ തൊഴിലാളികൾ ഫാക്ടറിക്കു വേണ്ടി ജോലി ചെയ്യുന്നതിനാൽ അവർ പ്രധാന തൊഴിലുടമയുടെ കീഴിലും ഉത്തരവാദിത്വത്തിലുമുള്ളവരാകയാൽ അവരുടെ പേരിലും വിഹിതമടയ്ക്കാൻ ഫാക്ടറി ബാധ്യസ്ഥമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ വിധി റദ്ദാക്കുകയും ഇ.എസ്.ഐ. കോർപ്പറേഷന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.